# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2716 17.06.2019 ലെ മറുപടി**

## തീരസംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, സി.മമ്മുട്ടി :** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |

(എ) രൂക്ഷമായ കടൽക്ഷോഭത്തെ തുടർന്ന് തീരശോഷണം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എ) ഉണ്ട്. വിശദാംശം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(ബി) കടലാക്രമണം നേരിടുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) തീരസംരക്ഷണത്തിന് ജിയോ സിന്തറ്റിക് ട്യൂബ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(ബി) യും (സി) യും കടൽ തീരം സംരക്ഷിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കരിങ്കൽ ഭിത്തി/ പുലിമുട്ടുകൾ നിർമ്മിക്കുകയും, നിലവിലുള്ള കടൽഭിത്തികൾ ബല പ്പെടുത്തിയും കടലാക്രമണം നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചും അടിയന്തിരമായി കടൽതീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 5 പ്രവൃത്തികൾക്ക് 8 കോടി രൂപ സ.ഉ.(സാധാ) നം.29/2018/ ജവിവ. തീയതി 16/01/2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഒപ്പം പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ജിയോ സിന്തെറ്റിക് ട്യൂബ് ഉപയോഗിച്ച് കടൽതീര സംരക്ഷണത്തിനുള്ള 12 പ്രവൃത്തികൾക്കായി 27.05.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15.06.19-ലെ GO(ms)No.21/2019/WRD ഉത്തരവ് പ്രകാരം ബജറ്റ് വിഹിതത്തിന്

പുറമെ 9 തീരദേശജില്ലകളിൽ അടിയന്തിരമായി താല്ക്കാലിക കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായ് 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദീർഘകാല പ്രവർത്ത-നങ്ങൾക്കായി 332 കോടി രൂപയുടെ പ്രവൃത്തികൾ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

തീരസംരക്ഷണത്തിനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.യുടെ കീഴിലുള്ള കൊല്ലം, കോഴിക്കോട്, എറണാകുളം എന്നീ ഉപകാര്യാലയങ്ങളുടെ കീഴിൽ കടൽക്ഷോഭത്തെ തുടർന്ന് തീരശോഷണം സംഭവിച്ച പ്രദേശങ്ങളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

**<u>കോസ്റ്റൽ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, കൊല്ലം</u>**

തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ കാപ്പിൽ വരെയുള്ള ഭാഗങ്ങളിൽ പൂന്തുറ, ബീമാപള്ളി, വലിയതുറ, പൂത്തുറ തുടങ്ങിയ പ്രദേശങ്ങളിൽ അതിശക്തമായ കടലാക്രമണം കാരണം കടൽഭിത്തി പൂർണ്ണമായും തകർന്ന നിലയിൽ ആയതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ തീരശോഷണം അതിശക്തമായി സംഭവിച്ചു കൊണ്ടിരിക്കുന്നു. കടൽഭിത്തി നിലവിലില്ലാത്ത ശംഖുമുഖം, അഞ്ചുതെങ്ങ് ഭാഗങ്ങളിൽ രൂക്ഷമായ കടൽക്ഷോഭം കാരണം നിലവിലുള്ള വീടുകൾ ഉൾപ്പെടെ കേടുപാടുകൾ സംഭവിക്കുകയും പ്രസ്തുത സ്ഥലങ്ങളിലും അതിശക്തമായി തീരശോഷണം സംഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

കൊല്ലം ജില്ലയിലെ പരവൂർ പൊഴി മുതൽ, കായംകുളം പൊഴി വരെയുള്ള കടൽതീര പ്രദേശങ്ങളിൽ താന്നി, ഇരവിപുരം, കാക്കത്തോപ്പ് പൊൻമന, ആലപ്പാട് എന്നീ ഭാഗങ്ങളിൽ രൂക്ഷമായ കടലാക്രമണം മൂലം തീരം നഷ്ടപ്പെടുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്

ആലപ്പുഴ ജില്ലയിലെ പേരുംപള്ളി മുതൽ കള്ളിക്കാട് വരെയുള്ള ഭാഗത്ത് തീരശോഷണം സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട് കൂടാതെ ആറാട്ടുപുഴ മുതൽ മംഗലം വരെയും ത്രിക്കുന്നപ്പുഴ മുതൽ ചേലക്കാട് വരെയും തിരമാലകൾ കടൽഭിത്തിയെ മറികടന്നു കരയിലേയ്ക്ക് കയറുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട് കക്കാഴം മുതൽ വണ്ടാനം പൂമീൻപൊഴി വരെയുള്ള ഭാഗത്ത് തീരശോഷണം സംഭവിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട് കൂടാതെ തോട്ടപ്പള്ളി മുതൽ പുറക്കാട് വരെയും, അമ്പലപ്പുഴ മുതൽ കക്കാഴം വരെയും പൂമീൻപൊഴി മുതൽ പുന്നപ്ര വരെയും തിരമാലകൾ കടൽഭിത്തിയെ മറികടന്നു കരയിലേയ്ക്ക് കയറുന്നതായും ബാധ്യപ്പെട്ടിട്ടുണ്ട്

**<u>കോസ്റ്റൽ ഇറോഷൻ സ്റ്റഡീസ് സബ് ഡിവിഷൻ, കോഴിക്കോട്</u>**

ഈ കാര്യാലയത്തിനു കീഴിൽ 10/06/2019 ന് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ വളപ്പിൽ ബീച്ചിൽ താഴെ പറയും പ്രകാരം കടൽഭിത്തിക്കും തീരപ്രദേശത്തിനും നാശനഷ്ടങ്ങൾ ഉണ്ടായി. കടൽക്ഷോഭം മൂലം ഏതാണ്ട് 60 മീറ്റർ നീളമുള്ള ഫിഷിംഗ് ഗ്യാപ് വഴി സി.പി. നമ്പർ 1927 ന് 10 മീറ്റർ വടക്ക് മാറി തിരമാലകൾ അടിച്ചു കയറുകയും തൻമൂലം റോഡിന്റെ പ്രതിരോധ ഭിത്തിയും ബസ്സ് കാത്തിരിപ്പുകേന്ദ്രവും തകരുകയും റോഡ് ഭാഗികമായി നശിക്കുകയും ചെയ്തു. സി.പി. നമ്പർ.1927 നും 1928 നും ഇടയിൽ കടൽഭിത്തി ഏതാണ്ട് 70 മീറ്റർ നീളത്തിൽ പൂർണ്ണമായും തകർന്നു. സി.പി. നമ്പർ. 1915 നും 1917 നും ഇടയിൽ കൊയിലാണ്ടി കാപ്പാട് തീരദേശ റോഡ് ഭാഗികമായി തകർന്നിട്ടുണ്ട്

കോഴിക്കോട് ജില്ലയിലെ കടലുണ്ടി പഞ്ചായത്തിൽപ്പെട്ട സി.പി. നമ്പർ. 1745 നും 1755 നുമിടയിലുള്ള പ്രദേശങ്ങളിൽ ശക്തമായ തിരമാലകളെ തുടർന്ന് കടൽഭിത്തിക്ക് മുകളിലൂടെ വെള്ളവും മാലിന്യങ്ങളും ഇരച്ചുകയറി സമീപസ്ഥരായ വീടുകൾക്ക് ഭീഷണിയുണ്ടായി. ചില വീടുകൾ ഭാഗികമായി തകർന്നു. വാക്കടവ് ഭാഗത്ത് കടൽഭിത്തിയോട് ചേർന്ന് നിർമ്മിച്ച നടപ്പാത പൂർണ്ണമായും തകർന്നു. വാക്കടവിനടുത്തുള്ള കടൽഭിത്തിയുടെ 5 മീറ്ററോളം ഭാഗത്തെ കല്ലുകൾ മിറഞ്ഞുവീഴുകയു ണ്ടായി.

മലപ്പുറം ജില്ലയിലെ അരിയല്ലൂർ പരപ്പിൽ ബീച്ചിൽ സി.പി. നമ്പർ. 1725 നു സമീപം റോഡ് ഭാഗികമായി തകർന്നു. വൈദ്യുതി തൂൺ കടപുഴകി വീണു. ചെട്ടിപ്പടി ഭാഗത്ത് സി.പി. നമ്പർ. 1710 നു സമീപം പുതുതായി നിർമ്മിച്ച കോൺക്രീറ്റ് കടൽഭിത്തിക്ക് വിള്ളൽ വന്നു. താനൂർ എടക്കടപ്പുറം ഭാഗത്ത് സി.പി. നമ്പർ. 1636 നും 1655 നുമിടയിലായി റോഡിനും കടൽഭിത്തിക്കും റോഡിന്റെ സംരക്ഷണഭിത്തികൾക്കും, വൈദ്യുതി തൂണുകൾക്കും ഭാഗികമായി നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട് സി.പി. നമ്പർ. 1653 നു സമീപമുള്ള വീട് ഭാഗികമായി തകർന്നു.

**<u>കോസ്റ്റൽ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, എറണാകുളം</u>**

കാലവർഷ സമയത്ത് രൂക്ഷമായ കടൽക്ഷോഭം മൂലം പലയിടങ്ങളിലും തീരശോഷണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നാൽ അനുകൂല കാലാവസ്ഥയിൽ ഈ സ്ഥലങ്ങളിൽ പലതും സ്റ്റേബിൾ ആയി കാണപ്പെടുന്നു. കടൽതീരം കുറയുകയും അതേ സമയം ചില സ്ഥലങ്ങളിൽ തീരം തിരികെ രൂപപ്പെടുകയും ചെയ്യുന്നതിനാൽ തീരശോഷണം വലിയ തോതിൽ ഉണ്ടാകുന്നതായി കാണുന്നില്ല. വാർഷികമായ അവലോകനത്തിൽ തീര ശോഷണം പലയിടങ്ങളിലും കാലികമാണ്.

ആലപ്പുഴ ജില്ലയിൽ കാട്ടൂർ, തൈയ്ക്കൽ, ഒറ്റമശ്ശേരി എന്നീ പ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണം നേരിടുന്നു. ഇവിടെ കാട്ടൂർ, തൈയ്ക്കൽ എന്നീ സ്ഥലങ്ങൾ നിലവിലുള്ള പുലിമുട്ടുകളുടെ സമീപമുള്ള പ്രദേശങ്ങളാണ്. ഒറ്റമശ്ശേരിയിൽ തീര ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

എറണാകുളം ജില്ല പൂർണ്ണമായും കടൽഭിത്തിയാൽ സംരക്ഷിക്കപ്പെട്ടതാണെങ്കിലും ചെല്ലാനം, കമ്പനിപ്പടി,ബസാർ, വേളാങ്കണ്ണി, മാനാശ്ശേരി, വെളിയത്താംപറമ്പ്, ഞാറയ്ക്കൽ, നായരമ്പലം, അണിയിൽ, എടവനക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ രൂക്ഷമായ രീതിയിൽ കടലാക്രമണം നേരിടുന്നു. കടൽഭിത്തി പലയിടങ്ങളിലും വളരെ മോശം അവസ്ഥയിലാണ് ഉള്ളത്. അതു മൂലം കടൽക്ഷോഭമുണ്ടാകുമ്പോൾ പരിസരപ്രദേശങ്ങളിൽ വെള്ളം കയറുകയും പരിസരവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു.

തൃശ്ശൂർ ജില്ലയിൽ ഏറിയാട്, കാര എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിലവിലുള്ളതും എന്നാൽ അത് മോശമായതിനാൽ കടൽക്ഷോഭ സമയത്ത് ആക്രമണം കൂടുതലാണ്. സമീപമുള്ള വീടുകളിൽ നാശനഷ്ടങ്ങൾ ഉണ്ടാകുകയും കരകവിയുന്ന കടൽവെള്ളത്താൽ മരങ്ങൾ കടപുഴകുകയും ചെയ്യുന്നു. സ്ഥിരമായി തീരശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ് സ്നേഹതീരത്തിന് വടക്കുള്ള തളിക്കുളം, വാടാനപ്പള്ളി എന്നിവ ജനജീവിതത്തിന് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. വാടാനപ്പള്ളി മുതൽ ചേറ്റുവ ഹാർബർ വരെയുള്ള പ്രദേശങ്ങളിൽ കടൽഭിത്തി നിലവിലുണ്ടെങ്കിലും കടൽക്ഷോഭസമയത്ത് രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നു മലപ്പുറം ജില്ലയിൽ പാലപ്പെട്ടിയെന്ന സ്ഥലത്ത് ചെറിയ രീതിയിൽ തീരശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

സെക്ഷൻ ഓഫീസർ